"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/19/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-01-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 20.04.2021ലെ ഡിഎ1/599/2018-തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 3.1

**********************

വികേന്ദ്രീകൃതാസൂത്രണ പരിപാടി സംസ്ഥാനത്തൊട്ടാകെ കാര്യക്ഷമമായി നടപ്പാക്കുന്നതിനും പ്രാദേശിക തലത്തിൽ രൂപപ്പെട്ടുവരുന്ന പദ്ധതികളുടെ നിരീക്ഷണം, അവയുടെ ഫലപ്രദമായ നിർവ്വഹണം എന്നിവ ഉറപ്പുവരുത്തുന്നതിനും ഏകോപനത്തിനുമായുള്ള സംസ്ഥാനാടിസ്ഥാനത്തിലുള്ള ഉന്നതാധികാര സമിതിയാണ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ പല വിഷയങ്ങളിലും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ/ഉദ്യോഗസ്ഥർ ഇപ്രകാരം സർക്കാർ ഉത്തരവ് വന്നതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാറുള്ളൂ. ഇത് പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാക്കുന്നുവെന്ന് 28.12.2016, 01.02.2017, 15.02.2017 എന്നീ തീയതികളിലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രത്യേക സർക്കാർ ഉത്തരവുകൾ ആവശ്യമില്ലാത്ത വിഷയങ്ങളിൽ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിരുന്നു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്നും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കാണുന്നതാണെന്നും 01.02.2017-ലെ യോഗതീരുമാന പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും സർക്കാർ ഉത്തരവായി ഇറങ്ങേണ്ട ആവശ്യമില്ല. സൂചിത സർക്കുലറിലും മേൽ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നിർദ്ദേശിച്ചതുപോലെ പ്രത്യേക സർക്കാർ ഉത്തരവ്

ആവശ്യമില്ലാത്ത വിഷയങ്ങളിന്മേൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് തദ്ദേശഭരണസ്ഥാപനങ്ങളോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും നിർദ്ദേശിക്കുന്നു. കമ്മിറ്റിയുടെ നിർദേശാനുസരണം റിപോർട്ടുകൾ ലഭ്യമാക്കേണ്ട വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ സമയബന്ധിത നടപടി കൈക്കൊള്ളേണ്ടതാണ് . പ്രസക്തമായ കാര്യങ്ങളിൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം സർക്കാർ കത്ത്/ഉത്തരവ് പുറപ്പെടുവിക്കുന്ന ഇപ്പോഴത്തെ രീതി തുടരുന്നതാണ്.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 24-01-2024 13:16:34

സെക്ഷൻ ഓഫീസർ.